**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **07-07-2022 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് എഴുപത്തി അഞ്ച് ലക്ഷത്തിൽ നിന്നും ഒരു കോടി രൂപയായി വർദ്ധിപ്പിച്ചത് എന്നാണ് എന്ന് വ്യക്തമാക്കുമോ; | (എ) | എം.പി മാരുടെ ലോക്കൽ ഏരിയ ഡവലപ്മെന്റ് ഫണ്ടിന്റെ മാതൃകയിൽ എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് 2001 ൽ സംസ്ഥാനത്ത് ആരംഭിക്കുകയും 25 ലക്ഷം രൂപ ആരംഭത്തിൽ ഓരോ നിയോജകമണ്ഡലത്തിനും അനുവദിക്കുകയും പിന്നീട് ഓരോ മണ്ഡലത്തിനും 50 ലക്ഷം രൂപയായും 2011-12 മുതൽ 1 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതാണെന്ന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന ഖണ്ഡിക 1.1 ൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് മൂലം പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.) നിരവധി തവണ വർദ്ധനവ് വന്നിട്ടും അതിനാനുപാതികമായി എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് മൂലം പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.)വരുന്ന വർദ്ധനവിന് ആനുപാതികമായല്ല എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കുന്നത്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി കാലോചിതമായി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിൽ പ്രത്യേക വികസന നിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഇല്ല. |
| (സി) | എങ്കിൽ പ്രസ്തുത ഫണ്ട് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് മൂലം പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.)വരുന്ന വർദ്ധനവിന് ആനുപാതികമായല്ല എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കുന്നത്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി കാലോചിതമായി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിൽ പ്രത്യേക വികസന നിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ